കേരള സർക്കാർ

നവകേരളം കർമപദ്ധതി
വാർത്ത

നവകേരളം കർമപദ്ധതി

ന്യൂസ്‌ലെറ്റർ
ആർദ്രം വിദ്യാകിരണം ലൈഫ് മിഷൻ
ഡിസംബർ 1-15, 2022

# സംസ്ഥാനമൊട്ടാകെ വ്യാപകമാക്കി നീരുറവ് പദ്ധതി

**നീ**രുറവ് പ. തി സംസ്ഥാനതല പ്രഖ്യാപനവും പേരാവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കിയ ജലാഞ്ജലി നീരുറവ്-സമഗ്ര നീർത്തട പദ്ധതിരേഖ പ്രകാശനവും തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് നിർവഹിച്ചു.

പേരാവൂർ പുതിയ ബസ്സ്റ്റാൻഡ് പരിസരത്ത് നടന്ന ചടങ്ങിൽ അഡ്വ.സണ്ണി ജോസഫ് എം. എൽ.എ അധ്യക്ഷത വഹിച്ചു. നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ മുഖ്യ പ്രഭാഷണം നടത്തി. തൊഴിലുറപ്പ് മിഷൻ ഡയറക്ടർ അനുകുമാരി ഐ.എ.എസ് റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് പദ്ധതി നടപ്പിലാക്കുന്ന ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകളെ കെ.കെ.ശൈലജ ടീച്ചർ എം.എൽ.എ ആദരിച്ചു. കെ. സുധാകരൻ എം.പി ബ്രോഷർ പ്രകാശനവും, ഡോ.വി ശിവദാസൻ എം.പി ജലബാലോത്സവം സർട്ടിഫിക്കറ്റ് വിതരണവും നിർവഹിച്ചു. കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി. ദിവ്യ പദ്ധതിരേഖ ഏറ്റുവാങ്ങി. ജില്ലാ കളക്ടർ എസ്. ചന്ദ്രശേഖർ നീരുറവ്- തീം സോങ്ങ് പ്രകാശനം ചെയ്തു. CWRDM എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.മനോജ് പി. സാമുവൽ നീർത്തട ഭൂപടങ്ങളുടെ പ്രകാശനം നിർവഹിച്ചു. കില ഡയറക്ടർ ജനറൽ ഡോ. ജോയ് ഇളമൺ പ്രദർശ്ശം ഉദ്ഘാടനം ചെയ്തു. പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ. സുധാകരൻ സ്വാഗതവും തൊഴിലുറപ്പ് ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ പി.സുരേന്ദ്രൻ നന്ദിയും പറഞ്ഞു.


വിവിധ വകുപ്പുകൾക്ക് കീഴിലുള്ള നീർത്തടാധിഷ്ഠിത പദ്ധതികളെ സംയോജിപ്പിച്ച് ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ 'നീരുറവ് ' എന്ന പേരിൽ ഒറ്റ



പദ്ധതിയാക്കുകയാണ്. നവകേരളം കർമപദ്ധതിയിൽ ഹരിതകേരളം മിഷനും തൊഴിലുറപ്പ് പദ്ധതിയും തദ്ദേശസ്ഥാപനങ്ങളും സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുക. നീർത്തടാധിഷ്ഠിത വികസനത്തിനുള്ള ജനകീയ കർമപദ്ധതിയാണ് നീരുറവ് എന്ന് നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ വ്യക്തമാക്കി.

സൂക്ഷ്മ നീർത്തടങ്ങളും വൃഷ്ടി പ്രദേശങ്ങളും കേന്ദ്രീകരിച്ച് മണ്ണ് ജലസംരക്ഷണം, മൃഗസംരക്ഷണം, ക്ഷീരവികസനം, സാമൂഹ്യവനവത്കരണം, കാർഷിക അനുബന്ധ വ്യവസായ വികസനം, സാമൂഹ്യക്ഷേമം തുടങ്ങിയ വികസന പദ്ധതികൾ നടപ്പാക്കുമെന്നും ടി.എൻ. സീമ അറിയിച്ചു.





# മൂന്നാർ മാറുകയാണ്
# നവകേരളത്തിനൊപ്പം

**ലോ**ക ടൂറിസം മാപ്പിൽ ഇടംപിടിച്ച മൂന്നാർ, മാലിന്യ സംസ്കരണ രംഗത്തും പുതിയ ചുവടുവയ്പുമായി മുന്നേറുകയാണ്. പ്രകൃതിക്കും പരിസ്ഥിതിക്കും ബാധ്യതയാകേണ്ടിയിരുന്ന പാഴ് വസ്തുക്കൾ ഉപയോഗിച്ചുള്ള പുനരുപയോഗ മാതൃകയുമായി അപ് സൈക്കിൾ പാർക്ക്, കല്ലാർ മാലിന്യ സംസ്കരണ പ്ലാന്റിലെ പുതിയ നിർമ്മാണങ്ങൾ, ജൈവ മാലിന്യങ്ങൾ വളമാക്കുന്നതിനായി വിൻഡ്രോ കമ്പോസ്റ്റിംഗ് സംവിധാനം, അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ബെയിൽ ചെയ്ത് സംസ്കരിക്കാൻ റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF), മുതിരപ്പുഴയിലെ കയർഭൂവസ്ത്ര വിതാന പരിപാടി തുടങ്ങി മാലിന്യ നിർമ്മാർജ്ജനത്തിൽ വിവിധ മാതൃകാ പദ്ധതികൾക്ക് തിരി തെളിയിച്ചിരിക്കുകയാണ് മൂന്നാർ ഗ്രാമപഞ്ചായത്ത്. മാലിന്യ സംസ്കരണ രംഗത്ത് മൂന്നാറിലുണ്ടാക്കിയ മുന്നേറ്റം കേരളത്തിനാകെ മാതൃകയാണെന്ന് മന്ത്രി എം.ബി. രാജേഷ് അഭിപ്രായപ്പെട്ടു. ഏറ്റവും അധികം മാലിന്യങ്ങൾ കുമിഞ്ഞ് കൂടിയിരുന്ന മൂന്നാറാണിപ്പോൾ മനോഹരമായിരിക്കുന്നതെന്നും ആദ്യം ജനങ്ങളുടെ മനോഭാവം മാറ്റി മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കാൻ കഴിയണമെന്നും, ഇത്തരം കാര്യങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും ഹരിതകർമ്മ സേനയുടേയും പങ്ക് പ്രധാനപ്പെട്ടതാണെന്നും ആ ഹരിതകർമ്മ സേനയ്ക്ക് സർക്കാർ എല്ലാ പിന്തുണയും നല്കുമെന്നും മന്ത്രി പറഞ്ഞു.

പഴയ മൂന്നാറിലെ അപ് സൈക്കിൾ പാർക്കിൽ വിനോദ സഞ്ചാരികൾക്ക് കൗതുകം ഒരുക്കി കാത്തിരിക്കുന്നത് പാഴ് വസ്തുക്കളിൽ നിന്ന് പുനർ



ജനിച്ച ആനയും, കാട്ടുപോത്തും, തീവണ്ടിയും, മാനും ഒക്കെയാണ്. വാഹനങ്ങളുടെ അപ്ഹോൾസ്റ്ററി മാലിന്യങ്ങൾ ഉപയോഗിച്ചാണ് ഇവിടെ കാട്ടുപോത്തിന് ജീവൻ നല്കിയിരിക്കുന്നത്. വലിച്ചെറിഞ്ഞ പ്ലാസ്റ്റിക് ബോട്ടിലുകളിൽ തീർത്ത ആനയും, വിവിധ പാഴ് വസ്തുക്കൾ ഉപയോഗിച്ചുള്ള തീവണ്ടിയും പാർക്കിലെ പ്രധാന ആകർഷണമാണ്. മൂന്നാർ ഗ്രാമപഞ്ചായത്തിലെ ഹരിതകർമസേന ദിവസേന വീടുകളിൽ നിന്നും ശേഖരിക്കുന്ന ഭക്ഷണാവശിഷ്ടങ്ങളും, പഴം, പച്ചക്കറി മാലിന്യങ്ങളുമെല്ലാം നല്ലതണ്ണിയിലെ ജൈവമാലിന്യ സംസ്കരണ പ്ലാന്റിൽ വളമായി മാറുകയാണ്. 'ജൈവവളം മൂന്നാർ ഗ്രീൻ' എന്ന പേരിൽ ഇവ വിപണിയിൽ എത്തുന്നു. പ്ലാന്റിൽ പ്രതിദിനം രണ്ട് ടൺ ജൈവ മാലിന്യം വളമാക്കുന്നതിനുള്ള സംവിധാനമാണ് ഉള്ളത്.

ഹരിതകേരളം മിഷന്റേയും യു.എൻ.ഡി.പി. യുടെയും സാമ്പത്തിക സാങ്കേതിക സഹായത്തോടെയാണ് മൂന്നാർ ഗ്രാമപഞ്ചായത്ത് വിവിധ പദ്ധതികൾ പൂർത്തീകരിച്ചിട്ടുള്ളത്. നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷനും മൂന്നാർ ഗ്രാമപഞ്ചായത്തും സംയുക്തമായി സംഘടിപ്പിച്ച ക്ലീൻ മൂന്നാർ ഗ്രീൻ മൂന്നാർ കാമ്പയിൻ പ്രവർത്തനവും ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായിരുന്നു. മൂന്നാർ ഗ്രാമപഞ്ചായത്ത് പരിധിയിൽ ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെയുള്ള മാലിന്യ സംസ്കരണവും ബോധവല്ക്കരണവും ലക്ഷ്യമിട്ടാണ് കാമ്പയിൻ സംഘടിപ്പിച്ചത്. ശുചിത്വവും മാലിന്യസംസ്കരണവും സംബന്ധിച്ച് ജനങ്ങളോട് നേരിട്ട് സംവദിച്ചും ആശയവിനിമയം നടത്തിയുമാണ് കാമ്പയിൻ പുരോഗമിച്ചത്. മൂന്നാറിൽ സമ്പൂർണ ഹരിതടൂറിസം നടപ്പാക്കുന്നതിനും ശുചിത്വ മാതൃകകൾ നിലനിർത്തുന്നതിനും പഞ്ചായത്തുമായി ചേർന്ന് തുടർപരിപാടികൾ സംഘടിപ്പിക്കുമെന്ന് നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി. എൻ. സീമ അറിയിച്ചു.

# പൊതുവിദ്യാഭ്യാസ മേഖലയിൽ ഇതിനകം 3000 കോടിയുടെ അടിസ്ഥാന സൗകര്യ വികസനം നടപ്പാക്കി മന്ത്രി വി. ശിവൻകുട്ടി

നവകേരളം കർമപദ്ധതിയുടെ ഭാഗമായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെയും അതിന്റെ തുടർച്ചയായി ആരംഭിച്ച വിദ്യാകിരണം പദ്ധതിയിലൂടെയും മൂവായിരത്തിലധികം കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസനങ്ങളാണ് നടത്തിയതെന്ന് വിദ്യാഭ്യാസ - തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. കോട്ടയം ഇടനാട് സർക്കാർ എൽ.പി. സ്കൂളിന്റെ പുതിയ മന്ദിരത്തിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. കിഫ്ബി വഴി 2500 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളും പ്ലാൻ ഫണ്ട് വഴി 60കോടി രൂപയുടെ വികസന പ്രവർത്തനങ്ങളും നടപ്പാക്കി. ഇത്തരം വികസന പ്രവർത്തനങ്ങളുടെയും മഹാമാരിക്കാലത്ത് വിദ്യാഭ്യാസ വകുപ്പും അധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും ഒന്നിച്ച് പ്രവർത്തിതിന്റെയും അംഗീകാരമായാണ് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം പുറത്തിറക്കിയ ദേശീയ മികവ് സൂചികയിൽ കേരളം ഒന്നാമതെത്തിയത്. കുട്ടികളുടെ വിദ്യാഭ്യാസത്തി



നും ആരോഗ്യപൂർണമായ ഭാവിക്കുമാണ് സർക്കാർ മുൻതൂക്കം നൽകുന്നത്. ഇതിനായി അധ്യാപകരും രക്ഷിതാക്കളും ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്നും മന്ത്രി പറഞ്ഞു.

കേന്ദ്ര സാഹിത്യ അക്കാദമി യുവ സാഹിത്യ പുരസ്ക്കാര ജേതാവും സ്കൂളിലെ പൂർവവിദ്യാർത്ഥിയുമായിരുന്ന അനഘ ജെ. കോലത്തിനെ ചടങ്ങിൽ ആദരിച്ചു.

മാണി സി. കാപ്പൻ എം.എൽ.എ. ചടങ്ങിൽ അധ്യക്ഷനായിരുന്നു. ജോസ് കെ. മാണി എം.പി. മുഖ്യ പ്രഭാഷണം നടത്തി. ളാലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് റാണി ജോസ്, കരൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് മഞ്ജു ബിജു, വൈസ് പ്രസിഡന്റ് സീന ജോൺ, പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷന്മാരായ ബെന്നി മുണ്ടത്താനം, ആനിയമ്മ ജോസ്, അഖില അനില്കുമാർ, ബ്ലോക്ക് പഞ്ചായത്തംഗം ഷീല ബാബു കുര്യത്ത്, ഗ്രാമപഞ്ചായത്തംഗം അനസ്യ രാമൻ, ഡയറ്റ് പ്രിൻസിപ്പാൾ ആർ. പ്രസാദ്, രാമപുരം എ.ഇ.ഒ. കെ.കെ. ജോസഫ്, കേരള ബാങ്ക് ഡയറക്ടർ ബോർഡംഗം ഫിലിപ്പ് കുഴികുളം, രാഷ്ട്രീയ പാർട്ടി പ്രതിനിധികളായ ലാലിച്ചൻ ജോർജ്ജ്, അഡ്വ. നാരായണൻ നമ്പൂതിരി, എം.പി. സജി, പി.എൻ. സോമശേഖരൻ നായർ, സജി മഞ്ഞക്കടമ്പിൽ, സ്കൂൾ പ്രധാനധ്യാപിക എം.കെ. അജിത മോൾ എന്നിവർ പങ്കെടുത്തു. സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ നിന്ന് അനുവദിച്ച 1.14 കോടി രൂപ ഉപയോഗിച്ചാണ് 5468 ചതുരശ്ര അടി വിസ്തീർണമുള്ള ഇരുനില കെട്ടിടം പണിതത്. ആറ് ക്ലാസ്സ് മുറികൾ, ഒരു ഓഫീസ് മുറി, സ്റ്റാഫ് റൂം എന്നിങ്ങനെ എട്ട് മുറികളാണ് പുതിയ കെട്ടിടത്തിൽ ഉള്ളത്.

# കബനിക്കായ് വയനാട്

## വൈത്തിരി, പൊഴുതന മാപ്പത്തോൺ പൂർത്തീകരിച്ചു

കബനിയ്ക്കായ് വയനാട് ക്യാമ്പയിന്റെ ഭാഗമായി വൈത്തിരി, പൊഴുതന ഗ്രാമപഞ്ചായത്തുകളിലെ മാപ്പത്തോൺ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. നവകേരളം കർമപദ്ധതിയിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജില്ലയിലെ പ്രധാന നദിയായ കബനിയുടെയും കൈവഴികളുടെയും പുനരുജ്ജീവനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന ക്യാമ്പയിനാണ് കബനിക്കായ് വയനാട്. ആദ്യഘട്ടത്തിൽ 15 തദ്ദേശ സ്ഥാപനങ്ങളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പരിശീലനം ലഭിച്ച നവകേരളം മിഷൻ റിസോഴ്സ് പേഴ്സണ്മാരാണ് മാപ്പത്തോൺ പ്രവർത്തനങ്ങൾ ജില്ലയിൽ നടത്തിയത്. വൈത്തിരിയിൽ 46 നീർച്ചാലുകളും പൊഴുതന



യിൽ 35 നീർച്ചാലുകളും കണ്ടുപിടിച്ച് ഇതിനോടകം അടയാളപ്പെടുത്തിയിരുന്നു.

കബനി നദിയുടെ സുസ്ഥിര നിലനിൽപ്പ് ഉറപ്പുവരുത്തുക, കാലാവസ്ഥ വ്യതിയാനം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ലഘൂകരിക്കുക, കബനി നദിയേയും ചെറിയ നീർച്ചാലുകളെയും ശാസ്ത്രീയ മാപ്പിംഗിലൂടെ രേഖപ്പെടുത്തി അവതരിപ്പിക്കുക, നദിയുടെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് ആസൂത്രണം നടത്തുക, നദീ പുനരുജ്ജീവനത്തിന്റെ ഫലമായി കൃഷി ടൂറിസം മേഖലകളിൽ വരുത്താവുന്ന മാറ്റങ്ങൾ കണ്ടെത്തുകയും അത് ജനങ്ങളുടെ ഉപജീവനത്തിന് ഉതകുന്നതാക്കി മാറ്റുകയും ചെയ്യുക, നിലവിലുള്ള വരുമാനസ്രോതസ്സുകൾ നിലനിർത്തുകയും പുതിയവ കണ്ടെത്തുകയും ചെയ്യുക, നദിയുടെ സുസ്ഥിര നിലനിൽപ്പിന് ശാസ്ത്രീയമായ മാലിന്യസംസ്കരണ രീതികൾ അവലംബിക്കുക എന്നിവയെല്ലാമാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ.

ട്രെയ്സ് ചെയ്ത് അടയാളപ്പെടുത്തിയ തോടുകളുടേയും നീർച്ചാലുകളുടേയും അവതരണം അതാത് തദ്ദേശസ്ഥാപനങ്ങളിൽ നടത്തും. ഇതുവഴി തദ്ദേശസ്ഥാപനങ്ങൾക്ക് ജലസംരക്ഷണ മേഖലയിൽ കൃത്യമായ ആസൂത്രണവും നിർവഹണവും നടത്താനാകും. കൂടാതെ തങ്ങളുടെ പ്രദേശത്തെ തോടുകളുടെ സ്ഥിരതയുള്ളതും കൃത്യതയുള്ളതുമായ ഡിജിറ്റൽ ഡോക്യുമെന്റേഷനും സാധ്യമാകുന്നു.

# നെന്മേനി ഇനി തരിശുരഹിത ഗ്രാമം

വയനാട് സുൽത്താൻ ബത്തേരി ബ്ലോക്കിലെ നെന്മേനി ഗ്രാമപഞ്ചായത്തിനെ തരിശ് രഹിത ഗ്രാമമായി പ്രഖ്യാപിച്ചു.

നെന്മേനി ഗ്രാമപഞ്ചായത്ത് സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾ പാരിസ് കോൺഫറൻസ് ഹാളിൽ വെച്ച് നടന്ന പരിപാടി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ഷീല പുഞ്ചവയൽ ഉദ്ഘാടനം ചെയ്തു.

കൃഷി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ എമി പോൾ, ഹരിതകേരളം മിഷൻ സീനിയർ ആർ.പി. യും കൃഷി വകുപ്പ് റിട്ടയേർഡ് അസിസ്റ്റന്റ് ഡയറക്ടറുമായ എൻ.കെ. രാജൻ എന്നിവർ ചേർന്ന് മൊമെന്റോ കൈമാറി.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പും ഹരിതകേരളം മിഷനും സംയുക്തമായി നടപ്പിലാക്കുന്ന കാമ്പയിനാണ് തരിശ് രഹിത ഗ്രാമം പഞ്ചായത്ത്. ജില്ലയിൽ ഓരോ ബ്ലോക്കിലെയും ഒരു തദ്ദേശസ്ഥാപനം വീതം ഓരോ വർഷവും തരിശ് രഹിത ഗ്രാമമായി പ്രഖ്യാപിച്ചു വരുന്നു.

ഈ വർഷം സുൽത്താൻ ബത്തേരി ബ്ലോക്കിൽ നെന്മേനി, കൽപ്പറ്റ ബ്ലോക്കിൽ മുട്ടിൽ,



പനമരം ബ്ലോക്കിൽ പുല്പള്ളി, മാനന്തവാടി ബ്ലോക്കിൽ വെള്ളമുണ്ട എന്നി ഗ്രാമ പഞ്ചായത്തുകളെയാണ് തിരഞ്ഞെടുത്തത്.

പദ്ധതി പ്രകാരം നെന്മേനി ഗ്രാമപഞ്ചായത്തിലെ കൃഷി യോഗ്യമായ മുഴുവൻ തരിശിടങ്ങളിലും കൃഷിയിറക്കിയിട്ടുണ്ട്. ആകെ 7.5 ഹെക്ടറിൽ 3.8 ഹെക്ടർ കൃഷിയോഗ്യമാക്കിയിട്ടുണ്ട്.

പരിപാടിയിൽ വികസന കമ്മിറ്റി ചെയർപേഴ്സൺ ജയാ മുരളി അധ്യക്ഷത വഹിച്ചു. നെന്മേനി കൃഷി ഓഫീസർ അനുപമ കൃഷ്ണൻ, അസിസ്റ്റന്റ് കൃഷി ഓഫീസർ എം.എൻ. പ്രഭാകരൻ എന്നിവർ സംസാരിച്ചു. കൃഷി അസിസ്റ്റന്റ് ഡയറക്ടർ രാമുണ്ണി, ഗ്രാമപഞ്ചായത്ത് മെമ്പർമാർ, പാടശേഖര സമിതി, കുരുമുളക് സമിതി ഭാരവാഹികൾ എന്നിവർ പങ്കെടുത്തു. മറ്റു മൂന്ന് ഗ്രാമ പഞ്ചായത്തുകളിൽ വൈകാതെ തരിശുരഹിത ഗ്രാമം പ്രഖ്യാപനം നടത്തും.

# കേരളോത്സവത്തിൽ സജീവമായി ഹരിതകർമസേന

**കാ**ഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ നടത്തിയ കേരളോത്സവം ഘോഷയാത്രയിൽ ഹരിതകർമസേനാ അംഗങ്ങൾ പങ്കെടുത്തു.

പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ വലിച്ചെറിയരുത് കത്തിക്കരുത് അവ വൃത്തിയാക്കി ഹരിത കർമസേനയെ ഏൽപ്പിക്കണമെന്ന ആശയം ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്ന വിധത്തിലുള്ള ഫ്ളോട്ടുമായാണ് ഹരിതകർമസേന ഘോഷയാത്രയിൽ പങ്കെടുത്തത്. നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെ വെള്ളം, വൃത്തി, വിളവ് എന്നത് കുട്ടികളിലൂടെ ദൃശ്യവൽക്കരിക്കുന്ന പ്രച്ഛന്ന വേഷവും ഒരുക്കിയിരുന്നു.കാഞ്ഞിരപ്പള്ളി പഞ്ചായത്തിനൊപ്പം ഹരിതകേരളം മിഷൻ, ഹരിത സഹായ സ്ഥാപനമായ seuf എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി.




# സമ്പൂർണ ഹരിത സമൃദ്ധിയിലേക്ക് റാന്നി അങ്ങാടി പഞ്ചായത്ത്

**പ**ത്തനംതിട്ട ജില്ലയിൽ ജൈവകൃഷി പ്രോത്സാഹനം എന്ന ലക്ഷ്യത്തോടെ കൃഷിവകുപ്പിന്റെയും ഹരിതകേരളം മിഷന്റെയും ആഭിമുഖ്യത്തിൽ റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിൽ തുടക്കമിട്ട ഹരിത സമൃദ്ധി വാർഡ് പദ്ധതിയുടെ ഔദ്യോഗിക പ്രഖ്യാപനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ബിന്ദു റെജി നിർവഹിച്ചു.

റാന്നി അങ്ങാടി കൃഷിഭവന്റെ സഹായത്തോടെ പദ്ധതിയുടെ ഭാഗമായി 13 വാർഡുകളിലും ഒരു ലക്ഷത്തിലേറെ പച്ചക്കറി തൈകൾ വിതരണം ചെയ്തു. പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയ ഗ്രാമപഞ്ചായത്ത് ഭരണസമിതിക്കുവേണ്ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ബിന്ദു റെജി, കൃഷി ഓഫീസർ ബഹു. ഡോ. ഷീബ എന്നിവർ ഹരിതകേരളം മിഷ

ന്റെ ഉപഹാരം ഏറ്റുവാങ്ങി. വാർഡ് അംഗങ്ങളായ ആൻഡ്രൂസ് എം.കെ., ജെവിൻ കെ. വിൽസൻ, ഏലിയാമ്മ ഷാജി, അഞ്ചു ജോൺ എന്നിവർ സംസാരിച്ചു.

പഞ്ചായത്ത് സെക്രട്ടറി സുധാമണി, എച്ച്.സി. അബ്ദുൽ ഷുക്കൂർ, കൃഷി അസിസ്റ്റന്റ് അരുൺ, ജെസൺ കുരിയാക്കോസ്, നവകേരളം കർമപദ്ധതി ആർ.പി.മാർ ശില്പ, സൗമ്യ എന്നിവർ പങ്കെടുത്തു.



# ക്ലീൻ കേരള കമ്പനി നീക്കം ചെയ്തത് 1190 ടൺ അജൈവ പാഴ് വസ്തുക്കൾ

വയനാട് ജില്ലയിൽ ജനുവരി മുതൽ ഒക്ടോബർ മാസം വരെ ജില്ലയിലെ വിവിധ തദ്ദേശസ്ഥാപനങ്ങളിൽ നിന്ന് ക്ലീൻ കേരള കമ്പനി നീക്കം ചെയ്തത് 1190 ടൺ അജൈവ മാലിന്യങ്ങൾ.

ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ, തദ്ദേശ സ്ഥാപനങ്ങൾ എന്നിവയുമായി ഏകോപനം നടത്തിയാണ് ക്ലീൻ കേരള കമ്പനി അജൈവ പാഴ്‌വസ്തു നിർമാർജന പ്രവർത്തനങ്ങൾ ജില്ലയിൽ നടത്തുന്നത്.

1041.398 ടൺ തരം തിരിക്കാത്തതും 148.670 ടൺ തരം തിരിച്ചതുമായ അജൈവ മാലിന്യങ്ങളാണ് നീക്കം ചെയ്തത്. തരം തിരിച്ച അജൈവ പാഴ്



വസ്തുക്കൾ ക്ലീൻ കേരള കമ്പനിക്ക് നല്കിയതു വഴി ജില്ലയിൽ ഹരിതകർമസേന നേടിയത് 10,11,955 രൂപയാണ്. ഏറ്റവും കൂടുതൽ തരംതിരിച്ച പാഴ് വസ്തുക്കൾ നൽകിയത് പുൽപ്പള്ളി ഗ്രാമപഞ്ചായത്താണ് 33,359.5 കിലോഗ്രാം. ഏറ്റവും കുറവ് നല്കിയത് വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തും 1180 കിലോഗ്രാം.

എറ്റവും കൂടുതൽ തരം തിരിക്കാത്ത റിജക്ട് പാഴ് വസ്തുക്കൾ നൽകിയത് അമ്പലവയൽ ഗ്രാമപഞ്ചായത്താണ് 188 ടൺ. ഏറ്റവും കുറവ് കോട്ടത്തറ ഗ്രാമപഞ്ചായത്ത് 11 ടൺ.

ക്ലീൻ കേരള കമ്പനിയുടെ പുതിയ സമ്പ്രദായ പ്രകാരം ജില്ലയിലെ തദ്ദേശസ്ഥാപനങ്ങളെ സെക്ടറുകളാക്കി തിരിച്ച് കൃത്യമായ ഷെഡ്യൂൾ പ്രകാരമാണ് ഇനി മുതൽ തദ്ദേശസ്ഥാപനങ്ങളിൽ നിന്ന് അജൈവ പാഴ് വസ്തു ശേഖരണം കമ്പനി നടത്തുക.

ഇതുപ്രകാരം സെക്ടർ ഒന്നിൽ ഉൾപ്പെടുന്ന മാനന്തവാടി മുനിസിപ്പാലിറ്റി,സുൽത്താൻ ബത്തേരി ബ്ലോക്ക്, സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ നിന്നും മാസത്തിലെ ആദ്യ ആഴ്ചയിലും സെക്ടർ രണ്ടിൽ ഉൾപ്പെടുന്ന മാനന്തവാടി ബ്ലോക്കിൽ നിന്ന് രണ്ടാമത്തെ ആഴ്ചയിലും സെക്ടർ മൂന്നിൽ ഉൾപ്പെടുന്ന പനമരം ബ്ലോക്കിൽ നിന്ന് മൂന്നാമത്തെ ആഴ്ചയിലും സെക്ടർ നാലിൽ ഉൾപ്പെടുന്ന കൽപ്പറ്റ ബ്ലോക്കിൽ നിന്ന് നാലാമത്തെ ആഴ്ചയിലുമായിട്ടാണ് ക്ലീൻ കേരള കമ്പനി അജൈവ മാലിന്യശേഖരണം നടത്താൻ തീരുമാനിച്ചിരിക്കുന്നത്.

# ഹരിതമായി വൈക്കത്തഷ്ടമി

**ച**രിത്രപ്രസിദ്ധമായ വൈക്കത്തഷ്ടമി ഇക്കുറിയും ഹരിതപെരുമാറ്റചട്ടം പാലിച്ചാണ് ആഘോഷിച്ചത്. വൈക്കം നഗരസഭയുടെ നേതൃത്വത്തിൽ നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ എന്നിവയുടെ സഹകരണത്തോടെയാണ് വൈക്കത്തഷ്ടമി ഹരിതമാക്കിയത്.

കൃത്യമായ ഇടവേളകളിലുള്ള ജൈവ-അജൈവ മാലിന്യ ശേഖരണവും, പ്രകൃതി സൗഹൃദ ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നതിൽ പൊതുജനങ്ങൾക്ക് അവബോധം നല്കുന്ന രീതി, നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ വിപണനവും, ഒഴിവാക്കലും എന്നിവ ഹരിത അഷ്ടമിക്ക് ജനശ്രദ്ധയേകി.

കോവിഡിന് ശേഷമുള്ള ആദ്യത്തെ അഷ്ടമി ആഘോഷമായതിനാൽ നഗരസഭയ്ക്ക് കൂടുതൽ പ്രതിസന്ധികൾ അഭിമുഖികരിക്കേണ്ടി വന്നിരുന്നെങ്കിലും പ്ലാസ്റ്റിക്ക് പൂർണമായി ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനം മാതൃകയായി.

ഹരിതകർമസേനയുടെ നേതൃത്വത്തിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് ഭക്തജനങ്ങൾക്ക് സംഭാരം, കുടിവെള്ളം എന്നിവ വിതരണം ചെയ്യു



ന്നതിനായി ക്ഷേത്രപരിസരത്ത് തയ്യാറാക്കിയ സ്റ്റാൾ, വൈക്കം ശ്രീ മഹാദേവ കോളേജിന്റെ നേതൃത്വത്തിൽ പ്ലാസ്റ്റിക് ബാഗുമായി പ്രവേശിക്കുന്ന ഭക്തജനങ്ങൾക്ക് പേപ്പർ ബാഗ് വിതരണത്തിനായും കുടി വെള്ള വിതരണത്തിനായും സ്ഥാപിച്ച സ്റ്റാൾ, പ്ലാസ്റ്റിക് ബാഗുമായി വരുന്നവരെ കണ്ടെത്തുന്നതിനായുള്ള വിദ്യാർത്ഥികളുടെ സ്ക്വാഡ്, ഹരിത കർമസേനയുടെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ എന്നിവ ഹരിത മാതൃകയായി.

ക്ഷേത്രപരിസരത്ത് ഭക്തജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിനായി പ്ലാസ്റ്റിക് പൂർണമായും ഒഴിവാക്കി മൺപാത്രങ്ങളും മൺഗ്ലാസ്സുകളും സ്റ്റീൽഗ്ലാസുകളുമാണ് ഉപയോഗിച്ചിരുന്നത്.

പ്ലാസ്റ്റിക് നിരോധനം ഉറപ്പാക്കുന്നതിന് ആരോഗ്യ വിഭാഗത്തിന്റെ നേതൃത്വത്തിൽ കൃത്യമായ ഇടവേളകളിൽ കച്ചവടസ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും പരിശോധനയിൽ 10 കിലോയിൽ അധികം നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ പിടിച്ചെടുക്കുകയും 10000 രൂപ പിഴ ഈടാക്കുകയും ചെയ്തു.

നാട്ടകം ഗവൺമെന്റ് വി.എച്ച്.എസ്.ഇ. സ്കൂളിലെ എൻ.എസ്.എസ്. വോളണ്ടിയർമാരുടെ നേതൃത്വത്തിൽ തയ്യാറാക്കിയ 40 ഓളം ജൈവ ബിന്നുകൾ ഹരിത കർമസേനയുടെ നേതൃത്വത്തിൽ കച്ചവട സ്ഥാപനങ്ങളിൽ വിതരണം ചെയ്തിരുന്നു.
നഗരസഭയുടെയും ഹരിതകേരളം മിഷന്റെയും നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങൾ വ്യാപാരികൾക്കും പൊതുജനങ്ങൾക്കും ഹരിത അഷ്ടമിയുടെ പ്രാധാന്യം കൂടുതൽ ബോധ്യപ്പെടുന്നതിന് സഹായകമായി.

# ലൈഫ് ഗുണഭോക്താക്കൾക്ക് സൗരോർജ്ജ പദ്ധതി

സമ്പൂർണ പാർപ്പിട സുരക്ഷാപദ്ധതിയായ ലൈഫ് മിഷൻ അനെർട്ടുമായി കൈകോർത്ത് ലൈഫ് പദ്ധതി പ്രകാരം ഭവന നിർമ്മാണം പൂർത്തീകരിച്ച 500 വീടുകളെ സൗജന്യ സൗരോർജ്ജ പദ്ധതിയിൽ ഉൾപ്പെടുത്തി.

സംസ്ഥാന സർക്കാർ ഏജൻസിയായ അനർട്ടിന്റെ ഹരിത ഊർജ്ജ വരുമാന പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ലൈഫ് ഗുണഭോക്താക്കൾക്ക് സൗരോർജ്ജ പദ്ധതി നടപ്പിലാക്കി വരുന്നത്. ശരാശരി പ്രതിദിനം 8 യൂണിറ്റ് വരെ ഉത്പാദിപ്പിക്കാനുള്ള 2 കിലോവാട്ടിന്റെ സൗരോർജ്ജ പ്ലാന്റുകളാണ് ഓരോ വീടുകളിലും സ്ഥാപിക്കുന്നത്. ഏകദേശം ഒരു പ്ലാന്റിന് 1 .35 ലക്ഷമാണ് ചെലവ് വരുന്നത്. ലൈഫ് പദ്ധതിയിൽ നിർമാണം പൂർത്തിയായതും KSEB വൈദ്യുതി കണക്ഷൻ ലഭ്യമായതുമായ 500 ഭവനങ്ങളാണ് ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സൗരോർജ്ജ പ്ലാന്റുകളിൽ നിന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതി പൂർണമായും ഭവനങ്ങളിൽ ഉപയോഗിക്കാൻ സാധിക്കുന്നതോടൊപ്പം തന്നെ അധികം വരുന്ന വൈദ്യുതി KSEB ക്ക് നൽകി വരുമാനം നേടാനും സാധിക്കും. ശരാശരി പ്രതിമാസം 100 യൂണിറ്റ് ഉപയോഗമുള്ള വീടുകളിൽ ഈ പദ്ധതി മുഖേന പ്രതിവർഷം ശരാശരി 1200 യൂണിറ്റ് മിച്ചം വരാവുന്നതും ഇപ്രകാരം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഗുണഭോക്താക്കൾക്ക് അധിക വൈദ്യുതി KSEB




ക്ക് നൽകുന്നത് വഴി പ്രതിവർഷം 4000 രൂപ വരെ വരുമാനവും പ്രതീക്ഷിക്കുന്നു. ഇതിനു പുറമേ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്ന വീടുകൾക്ക് ഇൻഡക്ഷൻ സ്റ്റവ് കൂടി വിതരണം ചെയ്യുന്നുണ്ട്.

# പാഴ് വസ്തു വ്യാപാരവുമായി ഇടുക്കിയിൽ ഹരിതകർമ്മ സേനയുടെ തൊഴിൽ യൂണിറ്റ്

ഇടുക്കി ജില്ലയിലെ ഇരട്ടയാർ പഞ്ചായത്തിൽ ഹരിത കർമസേനയുടെ നേതൃത്വത്തിൽ പാഴ് വസ്തു വ്യാപാര സംരംഭത്തിന് തുടക്കം കുറിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ജിൻസൺ വർക്കി നൽകിയ പിന്തുണയെ തുടർന്നാണ് തൊഴിൽ സംരംഭമെന്ന നിലയിൽ പഞ്ചായത്തിന്റെ മേൽവിലാസത്തിൽ ആക്രി വ്യാപാര സംരംഭം തുടങ്ങാൻ ഹരിതകർമ്മ സേനയ്ക്ക് സാധിച്ചത്. ഇതനുസരിച്ച് കുടുംബശ്രീ മൈക്രോ സംരംഭമായി രജിസ്റ്റർ ചെയ്ത് തൊഴിൽ യൂണിറ്റ് പ്രവർത്തനവുമാരംഭിച്ചു. വാത്തിക്കുടി പഞ്ചായത്തിലെ പാഴ് വസ്തുക്കൾ ഏറ്റെടുത്തുകൊണ്ട് ആദ്യ ബിസിനസിനും തുടക്കമിട്ടിരിക്കുകയാണ് ഈ നൂതന സംരംഭം.

ഇവിടുത്തെ ഹരിതകർമ്മ സേനാംഗങ്ങൾ ശേഖരിച്ച തരം തിരിച്ചതും അല്ലാത്തതുമായ 600 കിലോ പാഴ് വസ്തുക്കളാണ് ഏറ്റെടുത്തത്. ഇവ ഇരട്ടയാർ പഞ്ചായത്തിന്റെ റിസോഴ്സ് റിക്കവറി ഫെസിലിറ്റിയിൽ കൊണ്ടുവന്ന് തരം തിരിച്ച് പുനചക്രമണത്തിന് കൈമാറും. മറ്റ് ഏജൻസികൾ നൽകുന്നതിനേക്കാൾ നല്ല വില നൽകിയാണ് ഹരിത കർമ്മസേനാ യൂണിറ്റ് പ്ലാസ്റ്റിക്കും പാഴ് വസ്തുക്കളുമെല്ലാം ഏറ്റെടുക്കുന്നതെന്ന് യൂണിറ്റ് ഭാരവാഹികളായ പി.ടി. നിഷമോൾ, ലിജിയമോൾ ജോസഫ് എന്നിവർ അറിയിച്ചു. ഗുളികയുടെ സ്ട്രിപ്പുകളും മൾട്ടി ലെയർ പ്ലാസ്റ്റിക്കുമെല്ലാം ഏറ്റെടുക്കുന്നുണ്ട്.

പഞ്ചായത്തിനെ മാലിന്യമുക്തമാക്കാൻ ശ്രമിക്കുന്ന ഹരിതകർമ്മ സേനാംഗങ്ങൾക്ക് കൂടുതൽ



വരുമാനമുണ്ടാക്കുന്നതിനാണ് തൊഴിൽ യൂണിറ്റ് കൂടി ആരംഭിച്ചതെന്ന് പ്രസിഡന്റ് ജിൻസൺ വർക്കി പറഞ്ഞു. പാമ്പാടുംപാറ പഞ്ചായത്തും പാഴ് വസ്തുക്കൾ നീക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അതും ഉടൻ ഏറ്റെടുക്കുമെന്നും പ്രസിഡന്റ് വ്യക്തമാക്കി. ഹരിതകർമ്മ സേനാംഗങ്ങളായ എ.എസ്. അനിത, നിഷ രാജേന്ദ്രൻ, സുനി സിബി, ടിൻസി ജിനേഷ് എന്നിവരാണ് ഈ പുതിയ തൊഴിൽ യൂണിറ്റിലെ മറ്റ് അംഗങ്ങൾ. പഞ്ചായത്തിൽ ഇവരടക്കമുള്ള എല്ലാ ഹരിതകർമ്മ സേനാംഗങ്ങൾക്കും പാഴ് വസ്തുക്കൾ തരം തിരിക്കുന്നതിൽ ഹരിതകേരളം മിഷൻ പരിശീലനം നൽകിയിരുന്നു.

## കേരള പുനർനിർമ്മാണ പദ്ധതി സഹായത്തോടെ

# 313 ജലഗുണനിലവാര പരിശോധന ലാബുകൾ

എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിലായി 313 സ്കൂളുകളിൽ ലാബ് സ്ഥാപിക്കാനുള്ള തുക കേരള പുനർ നിർമ്മാണ പദ്ധതിയിൽ നിന്നും അനുവദിച്ചു. സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലേയും ഓരോ ഹയർസെക്കൻഡറി സ്കൂളിൽ വീതം ജലഗുണനിലവാര നിർണ്ണയലാബുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായാണിത്. ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി എം.എൽ.എ.മാരുടെ ഫണ്ട് വിഹിതം, തദ്ദേശ സ്വയംഭരണ സ്ഥാപന പദ്ധതി വിഹിതം മുതലായവ വിനിയോഗിച്ച് 254 ലാബുകൾ സ്ഥാപിക്കുന്നതിന് അനുമതി ലഭ്യമാക്കുകയും 166 ലാബുകൾ പ്രവർത്തന സജ്ജമാകുകയും ചെയ്തിട്ടുണ്ട്.

പുതിയലാബുകൾകൂടി പ്രവർത്തന സജ്ജമാകുമ്പോൾ സംസ്ഥാനത്ത് 567 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പരിശോധനാ ഫലംവിലയിരുത്തിജലഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രാദേശിക ഇടപെടലുകൾ സാദ്ധ്യമാക്കാനാവും.

# ഹരിതകർമസേന

## മാലിന്യമുക്ത കേരളത്തിനായുള്ള മുന്നണിപ്പോരാളികൾ

- മാലിന്യസംസ്കരണം എല്ലാ പൗരന്മാരുടേയും ഉത്തരവാദിത്വം. ചെറിയ യൂസർ ഫീ നൽകി ഹരിതകർമസേനയുടെ സേവനത്തെ അംഗീകരിക്കാം.
- യൂസർ ഫീ നിയമാനുസൃതം. മറിച്ചുള്ള പ്രചരണങ്ങൾക്കെതിരെ കർശനമായ നിയമനടപടി സ്വീകരിക്കും.
- പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിന് യൂസർ ഫീ നൽകാൻ ബാധ്യസ്ഥരാണെന്ന് 2016ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച പ്ലാസ്റ്റിക് വേസ്റ്റ്മാനേജ്മെന്റ് ചട്ടം വ്യക്തമാക്കുന്നു. ഇതുസംബന്ധിച്ച സർക്കാർ ഉത്തരവും കഴിഞ്ഞ ദിവസം പുറത്തുവന്നു.
- ഹരിതകർമസേനാ അംഗങ്ങളെ സേവനദാതാക്കളായി പരിഗണിക്കാൻ തയാറാകുന്ന സാമൂഹ്യബോധം കേരളത്തിനുണ്ടാകണം.
- മാലിന്യമുക്തമായ നവകേരളം എന്ന ലക്ഷ്യത്തിലേക്ക് ഒരുമിച്ച് മുന്നേറാം

/ harithakeralamission



പച്ചത്തുരുത്ത്

# പശ്ചിമഘട്ട പ്രദേശത്തെ നീർച്ചാലുകളുടെ വീണ്ടെടുപ്പ് ലക്ഷ്യമിട്ട് ഇനി ഞാനൊഴുകട്ടെ മൂന്നാംഘട്ടം

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായുള്ള ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ *'ഇനി ഞാനൊഴുകട്ടെ'* എന്ന പേരിൽ ജലസ്രോതസ്സുകളുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ കഴിഞ്ഞ 4 വർഷമായി നടന്നുവരികയാണ്. പ്രധാനമായും ഇടനാട്, തീരപ്രദേശ മേഖലകളിലെ നീർച്ചാലുകളാണ് ഈ പ്രവർത്തനത്തിൽ ഉൾപ്പെട്ടിരുന്നത്. ഈ പ്രവർത്തനം നടന്ന പ്രദേശങ്ങളിലെല്ലാം കഴിഞ്ഞ രണ്ടുവർഷങ്ങളിൽ വെള്ളപ്പൊക്കത്തിന്റെ തോത് വളരെ കുറവായിരുന്നു.

ഈ സാഹചര്യത്തിൽ ഹരിതകേരളം മിഷന്റേയും കേരള പുനർനിർമ്മാണ പദ്ധതിയുടേയും നേതൃത്വത്തിൽ പശ്ചിമഘട്ട പ്രദേശങ്ങളിൽഉൾപ്പെടുന്ന 230 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെ നീർച്ചാൽ ശൃംഖല ശാസ്ത്രീയമായി കണ്ടെത്തി വീണ്ടെടുക്കുന്നതിനുള്ള പ്രവർത്തനത്തിന് തുടക്കം കുറിയ്ക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചത്. കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കിവരുന്ന മാപ്പത്തോൺ കേരള പ്രക്രിയയിലുൾപ്പെടുത്തി ഉപഗ്രഹ ചിത്രങ്ങളുടേയും നേരിട്ടുള്ള സന്ദർശനത്തിലൂടെയും ഡ്രോണുകളുടെ സഹായത്തോടെയും നീർച്ചാൽശൃംഖല പൂർണ്ണമായി കണ്ടെത്തി മാപ്പ് ചെയ്യലാണ് ഈ പ്രവർത്തനം നടത്തുന്നത്. ഇത്രയേറെ ശാസ്ത്രീയമായും സമഗ്രമായും നീർച്ചാൽശൃംഖലകളെ പുനരുജ്ജീവിപ്പിക്കുന്ന പ്രവർത്തനം രാജ്യത്തുതന്നെ ആദ്യമാണ്.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പൂർണ്ണ നിയന്ത്രണത്തിലും നേതൃത്വത്തിലുമാണ് ഈ പ്രവർത്തനങ്ങൾ നടത്തുന്നത്. നീർച്ചാൽശൃംഖല കണ്ടെത്തി അടയാളപ്പെടുത്തുന്ന ആദ്യഘട്ട പ്രവർത്തനത്തിന് (മാപ്പത്തോൺ) റീബിൽഡ്കേരള പദ്ധതിയുടെ സാമ്പത്തിക സഹായവും ഉണ്ടാകും. മഹാത്മാഗാന്ധിദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുടെ സഹായവും ജനകീയ പിന്തുണയും ഉറപ്പുവരുത്തിയാണ് പദ്ധതി നടപ്പാക്കുന്നത്.



പശ്ചിമഘട്ട പ്രദേശത്ത് സുരക്ഷിതജീവിതം സാധ്യമാക്കാൻ ലക്ഷ്യമിട്ടാണ് പദ്ധതി. 230 ഗ്രാമപഞ്ചായത്തുകളുടെ മാപ്പത്തോണാണ് ലക്ഷ്യമിടുന്നത്. പരീക്ഷണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച മാപ്പത്തോൺ പ്രവർത്തനം 9 പഞ്ചായത്തുകളിൽ പൂർത്തിയായി. കൊല്ലം ജില്ലയിലെ തെന്മല, പത്തനംതിട്ട ജില്ലയിലെമലയാലപ്പുഴ, ഇടുക്കിയിലെ കരിമണ്ണൂർ, എറണാകുളംജില്ലയിലെ നെല്ലിക്കുഴി, പാലക്കാട് ജില്ലയിലെ മുണ്ടൂർ, കോഴിക്കോട് കൂടരഞ്ഞി, വയനാട് ജില്ലയിലെ പൊഴുതന, കണ്ണൂർ മുഴക്കുന്ന്എന്നീ പഞ്ചായത്തുകളിലാണ്മാപ്പത്തോൺ പൂർത്തിയാക്കിയത്. ഇതിനുപുറമേ കോട്ടയത്തെ പാമ്പാടി ബ്ലോക്ക് പരിധിയിലുംമാപ്പത്തോൺ പൂർത്തിയാക്കി. മറ്റ് പ്രദേശങ്ങളിലെമാപ്പത്തോൺ പ്രവർത്തനങ്ങൾ വൈകാതെ പൂർത്തിയാക്കി നീർച്ചാലുകളുടെ വീണ്ടെടുപ്പ് പ്രവർത്തനങ്ങൾ ആരംഭിക്കും.



Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : B. Manoj : Public Relations Officer, Anu Liya Jose: Young Professional, Archana Shaji : Young Professional
Design & Layout : Fousia P A, Graphic Designer; Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01